**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 390** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി ക്ഷേമത്തിനായുള്ള കേന്ദ്ര ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ പി സി വിഷ്ണുനാഥ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി ക്ഷേമത്തിനായുള്ള കേന്ദ്ര ഫണ്ട് വിനിയോഗത്തിൽ തിരിമറി നടത്തി ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജനവിഭാഗം നേതാവിന്റെ മാതാപിതാക്കളുടെ അക്കൗണ്ടിലേക്ക് ട്രഷറി വഴി പണം മാറ്റിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | പട്ടികജാതി ക്ഷേമത്തിനായുള്ള ഫണ്ട് വിനിയോഗത്തിൽ തിരിമറി നടത്തിയതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (എന്നാൽ ഇത് കേന്ദ്രഫണ്ടല്ല.) അതുമായി ബന്ധപ്പെട്ട പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും, ടി ഓഫീസിലെ എസ്.സി പ്രൊമോട്ടർമാരായി സേവനമനുഷ്ഠിച്ചിരുന്ന രണ്ട് പേരെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. ടി ആളുകൾക്കെതിരെ പോലീസിൽ പരാതി നൽകി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസിൽ വിശദമായ വകുപ്പ്തല ഓഡിറ്റ് നടത്തി വരികയും ചെയ്യുന്നു. കൂടാതെ ഈ വിഷയത്തിൽ സമഗ്രമായ വിജിലൻസ് അന്വേഷണം നടത്തുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ തട്ടിപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി ക്ഷേമത്തിനായുള്ള ഫണ്ട് വിനിയോഗത്തിൽ തിരിമറി നടത്തിയതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (എന്നാൽ ഇത് കേന്ദ്രഫണ്ടല്ല.) അതുമായി ബന്ധപ്പെട്ട പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും, ടി ഓഫീസിലെ എസ്.സി പ്രൊമോട്ടർമാരായി സേവനമനുഷ്ഠിച്ചിരുന്ന രണ്ട് പേരെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. ടി ആളുകൾക്കെതിരെ പോലീസിൽ പരാതി നൽകി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസിൽ വിശദമായ വകുപ്പ്തല ഓഡിറ്റ് നടത്തി വരികയും ചെയ്യുന്നു. കൂടാതെ ഈ വിഷയത്തിൽ |

| | | | |
|---|---|---|---|
| | | | സമഗ്രമായ വിജിലൻസ് അന്വേഷണം നടത്തുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | പട്ടികജാതി ക്ഷേമത്തിനായുള്ള ഫണ്ട് വിനിയോഗത്തിൽ തിരിമറി നടത്തിയതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (എന്നാൽ ഇത് കേന്ദ്രഫണ്ടല്ല.) അതുമായി ബന്ധപ്പെട്ട പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും, ടി ഓഫീസിലെ എസ്.സി പ്രൊമോട്ടർമാരായി സേവനമനുഷ്ഠിച്ചിരുന്ന രണ്ട് പേരെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. ടി ആളുകൾക്കെതിരെ പോലീസിൽ പരാതി നൽകി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസിൽ വിശദമായ വകുപ്പ്തല ഓഡിറ്റ് നടത്തി വരികയും ചെയ്യുന്നു. കൂടാതെ ഈ വിഷയത്തിൽ സമഗ്രമായ വിജിലൻസ് അന്വേഷണം നടത്തുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പാർശ്വവൽകൃത ജനസമൂഹത്തിന്റെ ഉന്നമനത്തിനായി വിനിയോഗിക്കേണ്ട പണം തട്ടിയെടുക്കുന്ന ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിയ്ക്കുന്നതിനും അർഹതപ്പെട്ടവരിലേക്ക് സഹായങ്ങൾ എത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനും കർമ്മപദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ? | (ഡി) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളിൽ ഭാവിയിൽ സാമ്പത്തിക ക്രമക്കേട് ഉണ്ടാകാതിരിക്കുന്നതിനും അർഹതപ്പെട്ട ഗുണഭോക്താക്കളിലേയ്ക്ക് ആനുകൂല്യം ലഭിക്കുന്നതിനും വേണ്ട മാറ്റങ്ങൾ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ